# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 176 | 04.06.2018 ൽ മറുപടിക്ക്

## പോലീസ് സേനയ്ക്ക് അപമാനം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എ.പി. അനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് കള്ളക്കേസിൽ കുടുക്കി ആളുകളെ കസ്റ്റഡിയിലെടുക്കുന്നതായും മോചനത്തിനായി കൈക്കൂലി ആവശ്യപ്പെടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വരാപ്പുഴ കേസിൽ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട ശ്രീജിത്തിനെ മോചിപ്പിക്കുവാൻ പോലീസ് 25000 രൂപ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | അന്വേഷിച്ചിട്ടുണ്ട്. അന്വേഷണത്തിൽ 15,000 രൂപ മുൻ നോർത്ത് പറവൂർ സി.ഐ യുടെ ഡ്രൈവർ പ്രദീപ് വാങ്ങിയതായും പിന്നീട് തിരികെ കൊടുത്തതായും വെളിവായിട്ടുണ്ട്. ഇക്കാര്യത്തിന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും, സി.ബി.സി.ഐ.ഡി യിൽ നേരിട്ട് രജിസ്റ്റർ ചെയ്ത ക്രൈം നം.18/2018 u/s 7,13(1)(d), 13(2) of Prevention of Corruption Act & Sec.115 of KP Act പ്രകാരം കേസ്സെടുത്ത് സി.ബി.സി.ഐ.ഡി, ഒ.സി.ഡബ്ല്യ-2, എറണാകുളം യൂണിറ്റ് അന്വേഷിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ശ്രീജിത്ത് മരിച്ചശേഷം ആറുദിവസം കഴിഞ്ഞ് കൈക്കൂലിയായി വാങ്ങിയ തുക തിരികെ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പോലീസ് സേനയ്ക്ക് അപമാനം ഉണ്ടാക്കുന്ന ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ഇ) | പോലീസ് സേനയ്ക്ക് അപമാനം ഉണ്ടാക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ